പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1934 10.03.2020 -ൽ മറുപടിക്ക്

## റേഷൻ സാധനങ്ങളുടെ കൈകാര്യ കിഴിവ്

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സപ്ലൈകോ ഡിപ്പോയിൽ നിന്നും റേഷൻകടകളിലേയ്ക്ക് നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് കൈകാര്യക്കിഴിവ് കണക്കാക്കുന്നുണ്ടോ ;<br><br>(ബി) കൈകാര്യക്കിഴിവ് നൽകാത്തതുമൂലം ഉത്തരവാദിത്തപ്പെട്ട ജീവനക്കാരുടെ മേൽ കടുത്ത സാമ്പത്തിക ഭാരം വന്നുചേരുന്നത് ഒഴിവാക്കുന്നതിനും ജീവനക്കാർക്ക് സുഗമമായി പ്രവൃത്തി ചെയ്യുന്നതിനുമുള്ള അന്തരീക്ഷം സപ്ലൈകോ ഡിപ്പോകളിൽ സൃഷ്ടിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;<br><br>(സി) വിട്ടെടുപ്പിന്റെയും വിതരണത്തിന്റെയും ഇടയിലുണ്ടാകുന്ന സാധനങ്ങളുടെ നഷ്ടം ജീവനക്കാരുടെ മേൽ കെട്ടിവയ്ക്കുന്നത് ഒഴിവാക്കുന്നതിനും കൈകാര്യക്കിഴിവ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (എ),<br>(ബി)<br>&<br>(സി) | എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ കൈകാര്യ ക്കിഴിവ് അനുവദിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനം ആയിട്ടില്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിൽ കൈകാര്യക്കിഴിവ് അനുവദിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥയില്ല. എന്നിരുന്നാലും ഈ വിഷയത്തിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ അഭിപ്രായം തേടിയിട്ടുണ്ട്. കൂടാതെ മറ്റ സംസ്ഥാനങ്ങളിൽ കൈകാര്യക്കിഴിവ് അനുവദിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ എങ്ങനെയെന്നും പരിശോധിക്കുവാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ